# തൊഴിലുടമയ്ക്ക് ബോധിപ്പിക്കാനുള്ളത് കേൾക്കാതെ വിഹിതം നിർണ്ണയിച്ചത് റദ്ദാക്കി

## മദ്രാസ് ഹൈക്കോടതി

W.P. No. 3590/2021 Dt. 16.2.2021

ഫുള്ളർട്ടൺ ഇന്ത്യ ക്രെഡിറ്റ് കമ്പനി ലിമിറ്റഡ്
x
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ

ഇ.എസ്.ഐ. നിയമം ബാധകമായ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണത്തിന്റെ വിചാരണക്ക് ഹാജരാകണമെന്ന് അറിയിച്ച് ഇ.എസ്.ഐ. ഡെപ്യൂട്ടി ഡയറക്ടർ തൊഴിലുടമയ്ക്ക് നോട്ടീസയച്ചു. നിർദ്ദിഷ്ട തീയതി തൊഴിലുടമ ഹാജരായി. രേഖകളും വിശദീകരണ പത്രികയും ഹാജരാക്കാൻ വേണ്ടി വിചാരണ മറ്റൊരു തീയതിയിലേക്ക് നീട്ടിവച്ചു. അന്ന് ഹാജരാകാൻ തൊഴിലുടമയ്ക്ക് സാധിച്ചില്ല. പിറ്റെ ദിവസം ഹാജരായ തൊഴിലുടമ വിശദീകരണ പത്രികയും രേഖകളും ഹാജരാക്കി. ഒരു മാസം കഴിഞ്ഞപ്പോൾ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിച്ച് ഡെപ്യൂട്ടി ഡയറക്ടർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. തൊഴിലുടമ ഹാജരാക്കിയ രേഖകൾ പരിശോധിക്കാതെയും വിശദീകരണം പരിഗണിക്കാതെയുമാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ഉത്തരവിറക്കിയത്. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഇ.എസ്.ഐ. അധികൃതരുടെ നടപടി സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കാതെയുള്ളതാണെന്ന് തൊഴിലുടമ വാദിച്ചു. ഹാജരാക്കിയ രേഖകളും വിശദീകരണ പത്രികയും പരിഗണിക്കാതെയും തനിക്ക് ബോധിപ്പിക്കാനുള്ളത് കേൾക്കാതെയും വിഹിതം നിർണ്ണയിച്ച് ഉത്തരവിട്ടത് റദ്ദാക്കേണ്ടതാണെന്ന് തൊഴിലുടമ ചൂണ്ടിക്കാട്ടി. റിട്ട് ഹർജി പരിഗണനയിലിരിക്കെ തൊഴിലുടമയുടെ ബേങ്ക് എക്കൗണ്ടുകൾ മുഴുവൻ ഇ.എസ്.ഐ. അധികൃതർ മരവിപ്പിച്ചു. നിർദ്ദിഷ്ട തീയതി ഹാജരാകാത്തതിനാലാണ് ഉത്തരവിറക്കിയതെന്നും 25% തുക കെട്ടിവച്ച് തൊഴിലുടമയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതേയുള്ളൂവെന്നും ഇ.എസ്.ഐ. അധികൃതർ വാദിച്ചു. വിഹിതം നിർണ്ണയിക്കുന്നതിനു മുമ്പ് തൊഴിലുടമയ്ക്ക് ബോധിപ്പിക്കാനുള്ളത് കേൾക്കാൻ ഇ.എസ്.ഐ. അധികൃതർ നിയമപരമായി ബാധ്യസ്ഥരാണെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. നിർദ്ദിഷ്ട വിചാരണത്തീയതിയുടെ പിറ്റെ ദിവസം ഹാജരാക്കിയ രേഖകളും വിശദീകരണ പത്രികയും പരിഗണിക്കുക പോലും ചെയ്യാതെ യാന്ത്രികമായും സ്വേച്ഛാപരമായും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് ഹൈക്കോടതി വിലയിരുത്തി. ഇ.എസ്.ഐ. ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി നിയമാനുസൃതം വീണ്ടും വാദം കേട്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ച് കേസ് ഇ.എസ്.ഐ. ഡെപ്യൂട്ടി ഡയറക്ടർക്ക് തിരിച്ചയച്ചു.